# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3699 **20.06.2019-ൽ മറുപടിയ്ക്ക്**

## ഒറ്റപ്പാലം സർക്കാർ ആയുർവേദ ആശുപത്രിയിലെ നാച്ചുറോപ്പതി വിഭാഗം

| ചോദ്യം<br>ശ്രീ. പി. ഉണ്ണി | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത -ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഒറ്റപ്പാലം സർക്കാർ ആയുർവേദ ആശുപത്രിയിലെ നാച്ചുറോപ്പതി വിഭാഗം ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) | ബഹു. മുൻ എം.എൽ.എ ശ്രീ. ഹംസ അവർകളുടെ ആസ്തി വികസന ഫണ്ടിൽ നിന്നും നിലവിലെ എം. എൽ. എ. ബഹുമാനപ്പെട്ട ശ്രീ. പി. ഉണ്ണി അവർകളുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ആകെ 90 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിൽ പ്രത്യേക ഒ പി റ്റൂം നാച്ചുറോപ്പതിക്കായി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ 2017-18 സാമ്പത്തിക വർഷം പ്ലാൻ ഫണ്ട് മുഖേന 40 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച മെയിൽ വാർഡ്, പുതിയതായി നിർമ്മിക്കപ്പെട്ട പേ വാർഡ്, സ്ത്രീകളുടെ വാർഡ് എന്നിവയിൽ നാച്ചുറോപ്പതിക്കായി പ്രത്യേക വിഭാഗം പ്രവർത്തിച്ചു വരുന്നു. കൂടാതെ പ്രോജക്റ്റിന്റെ ഭാഗമായി പുതിയതായി നിർമ്മിക്കപ്പെട്ട കെട്ടിടത്തിൽ നാച്ചുറോപ്പതി ചികിത്സയ്ക്കുവേണ്ട ചികിത്സാ മുറികളും സ്റ്റീം ചേമ്പർ, വിവിധ തരത്തിലുള്ള ഉപകരണങ്ങൾ എന്നിവയും സജ്ജമാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആശുപത്രിയിലെ നാച്ചുറോപ്പതി വിഭാഗത്തിന്റെ നവീകരണത്തിനായി ഈ വർഷം എത്ര തുക നീക്കി വച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | നാച്ചുറോപ്പതി വിഭാഗത്തിന്റെ നവീകരണത്തിനായി ഈ സാമ്പത്തിക വർഷം തുക വകയിരുത്തിയിട്ടില്ല. |
| (സി) | നാച്ചുറോപ്പതി വിഭാഗത്തെ പ്രസ്തുത ആശുപത്രിയിൽ നിന്നും വേർപെടുത്തുന്നു എന്ന പൊതുജനങ്ങളുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ? | (സി) | ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ